# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1395 | 03.12.2018-ൽ മറുപടിയ്ക്ക്

### ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് നടപടി

| ചോദ്യം : | | മറുപടി : |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഒരേ സർവ്വേ നമ്പരിലുള്ള പാതയോരത്തെ സ്ഥലത്തിനും വഴിയില്ലാത്ത സ്ഥലത്തിനും ഒരേ ന്യായവില നിശ്ചയിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് എന്ത് നിർദ്ദേശമാണ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്; | (ബി) സർക്കാരിന്റെ 14/08/2018 തീയതിയിലെ സ.ഉ(കൈ)302/2018/റവ/നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുവാൻ ഉത്തരവായിട്ടുള്ളതും, ന്യായവില പുനർനിർണ്ണയിക്കുന്നതിനുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ന്യായവില വർദ്ധനവിനുള്ള അനുകൂല ഘടകങ്ങളിൽ ഗതാഗത സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗതാഗത സൗകര്യമുള്ള വസ്തുക്കൾക്കും ഇല്ലാത്ത വസ്തുക്കൾക്കും വ്യത്യസ്ത വിലയായിരിക്കും നൽകുന്നത്. |
| (സി) | വിവിധ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പരാതി പരമാവധി ഒഴിവാക്കി ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?; | (സി) സ്വീകരിച്ചിട്ടുണ്ട്. |

PR

സെക്ഷൻ ഓഫീസർ